നമ്പർ:എ സ്സി റ്റി (2)/17563/05 സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, 27/4/05.

സർക്കുലർ നമ്പർ 12/05

വിഷയം: പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റർ നിയമനം - അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ച്.

സൂചന:

പട്ടിക ജാതി/ പട്ടികവർഗ്ഗ സഹകരണസംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ പലപ്പോഴും വർഷങ്ങൾക്കു ശേഷമാണ് സർക്കാരിൽ സമർപ്പിക്കാൻ കഴിയുന്നത്. ആയത് ഗുരുതരമായ വീഴ്ചയായി സർക്കാർ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അഡ്മിനിസ്ട്രേറ്റർമാരുടെ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1.ഏതെങ്കിലും ഒരു സംഘത്തിലെ ഭരണാധിപന്റെ കാലാവധി തീരുന്നതിനു മൂന്നുമാസം മുൻപുതന്നെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ രജിസ്ട്രാർ ആഫീസിൽ ലഭ്യമായിരിക്കണം. അല്ലാത്തപക്ഷം അപേക്ഷ താമസിച്ചതിന്റെ കാരണം വ്യക്തമാക്കാൻ അതാത് ജോയിന്റ് രജിസ്ട്രാർ ബാധ്യസ്ഥരായിരിക്കും.

2.ഒരു വർഷത്തിൽ കുറഞ്ഞ കാലയളവിലേയ്കാണ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ ആ കാലയളവിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതിയ്ക്ക് ഭരണം കൈമാറാൻ കഴിയുമോ എന്ന് വ്യക്തമാക്കേണ്ടതും കഴിയുകയില്ലെങ്കിൽ കുറഞ്ഞത് ഒരു വർഷത്തേയ്ക്കെങ്കിലും കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

3.സംഘത്തിൽ ഇലക്ഷൻ നടന്നുവെങ്കിൽ ആ തീയതിയും, പുതിയ ഭരണസമിതി ചാർജെടുത്ത തീയതിയുടെ തലേദിവസം വരെ നിലവിലുള്ള ഭരണാധിപന്റെ കാലാവധി നീട്ടിയാൽ മതിയാകും.

ഉദാ: 2/4/05ന് തെരഞ്ഞെടുപ്പ് നടത്തുകയും, 4/4/05 ന് പുതിയ ഭരണസമിതി ചാർജെടുക്കുകയും ചെയ്താൽ 3/4/05 വരെ നിലവിലുള്ള ഭരണാധിപന്റെ ........................ ഭരണസമിതി ചാർജെടുത്തുവെങ്കിൽ1/4/05വരെ ഭരണാധിപന്റെ കാലാവധി ദീർഘിപ്പിച്ചാൽ മതിയാകും.

പല അപേക്ഷകളിലും ഇത് 4/4/05 അല്ലെങ്കിൽ 2/4/05 എന്ന ക്രമത്തിലാണ് തീരുമാനം എടുക്കുന്നത്.

4.അപേക്ഷയിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കണം.

എ) നേരത്തെ ഭരണാധിപന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ (അതാത് ജോയിന്റ് രജിസ്ട്രാർമാർ ആദ്യത്തെ ഒരു വർഷം കാലാവധി ദീർഘിപ്പിച്ചതിന്റെ പകർപ്പുകൾ -2കോപ്പി വീതം)

ബി) സർക്കാർ കാലാവധി ദീർഘിപ്പിച്ചതെങ്കിൽ ആയതിന്റെ പകർപ്പ്

സി) സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും എസ്. ആർ. ഒ നമ്പറും ജോയിന്റ് രജിസ്ട്രാറുടെ കത്തിലെ സൂചനയിൽ ഉൾപ്പെടുത്തണം.

ഡി) സംഘം അഡ്മിനിസ്ട്രേറ്ററുടെ തീരുമാനത്തിന്റെ അസ്സൽപകർപ്പുകൾ 2 കോപ്പി (ഫോട്ടോ സ്റ്റാറ്റ് പാടില്ല.)

മേൽ നിർദേശങ്ങൾ എല്ലാ ഉദ്യോഗസ്ഥരും കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ഒപ്പ്

കെ. കേശവൻ

സഹകരണസംഘം രജിസ്ട്രാർ ഇൻചാർജ്

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ്:

1) എല്ലാ ജോയിൻറ് രജിസ്ട്രാർ (ജനറൽ) മാർക്കും

2) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും

(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന

സ്റ്റോക്ക് ഫയൽ/ സ്ഫെയർ